# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 939      01.03.2017 -ലെ മറുപടിയ്ക്ക്

## പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി അനുവദനീയമായതിന്റെ ഇരട്ടി ഭൂജലം ദിവസവും ഊറ്റുന്നുവെന്ന പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഭൂജല വകുപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2.34 ലക്ഷം ലിറ്ററായി നിജപ്പെടുത്തുകയുണ്ടായി. ഇതിനെതിരെ കമ്പനി ബഹു:ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 23.05.2011 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ ചെയർമാനായി വിശദമായ പഠനം നടത്തുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും കമ്മിറ്റിയുടെ വിശദമായ പഠന റിപ്പോർട്ട് ബഹു:ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുമുണ്ട്. വിദഗ്ധ സമിതി റിപ്പോർട്ടിനെതിരെ പെപ്സി കമ്പനി ഹൈക്കോടതിയിൽ വീണ്ടും എതിർ സത്യവാങ്മൂലം സമർപ്പിച്ചിരിക്കുകയാണ്. ഹർജി ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു: ഹൈക്കോടതിയുടെ തൽ സ്ഥിതി തുടരാനുള്ള ഉത്തരവു പ്രകാരം കമ്പനി പ്രതിദിനം ആറ് ലക്ഷം ലിറ്റർ ഉപയോഗിച്ചു വന്നിരുന്നു. സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ഭൂജല ഉപഭോഗം 75 ശതമാനം കുറക്കുന്നതിന് ഭൂജല വകുപ്പ് |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുകയും അതനുസരിച്ച് നിലവിൽ കമ്പനി പ്രതിദിന ഉപഭോഗം 1.5 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഭൂജല ഉപഭോഗം നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. |
| ബി) | എത്ര ലക്ഷം ലിറ്റർ ഭൂജലം എടുക്കുന്നതിനാണ് കോടതി കമ്പനിക്ക് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി) | പ്രതിദിനം ആറ് ലക്ഷം ലിറ്റർ ഭൂജലം ഉപയോഗിക്കുന്നതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പെപ്സി കമ്പനിയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. |
| സി) | പാലക്കാട് ജില്ല കൊടിയ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ പെപ്സി കമ്പനി ഭൂഗർഭ ജലം അമിതമായി ഊറ്റുന്നത് കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ; | സി) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ഭൂജല ഉപഭോഗം 75 ശതമാനം കുറയ്ക്കുന്നതിന് നിർദ്ദേശിക്കുകയും അതനുസരിച്ച് ഭൂജല വകുപ്പ്, പാലക്കാട് ജില്ല ഓഫീസിന്റെ നിർദ്ദേശ പ്രകാരം കമ്പനി പ്രതിദിന ഉപഭോഗം 1.5 ലക്ഷം ലിറ്റർ ആയി നിലവിൽ പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഭൂജല ഉപഭോഗം നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ